

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KLM/P6/1425/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/09/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P6/1425/2023 തീയ്യതി: 07/09/2023

കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എസ്. അനിൽകുമാർ	ഡെപ്യൂട്ടി ഡയറക്ടർ	10-07-2023	20-07-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-07-2023	20-07-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി അമ്പിളി ജി., അസ്സി.ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽകുമാർ യു.എസ്.,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സത്യഭാമ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ ബിനോയ് എം.ജി	സെക്രട്ടറി	01-04-2022	28-12-2022
ശ്രീമതി ശ്രീലത. ആർ.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	29-12-2022	08-01-2023
ശ്രീ.സുരേഷ് കുമാർ.റ്റി	സെക്രട്ടറി	09-01-2023	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബിന്ദു.കെ.എ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	05-07-2022
ശ്രീമതി രമാദേവിയമ്മ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	06-07-2022	31-03-2023
ഡോ.നിജ	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2022	31-03-2023
ശ്രീ മനോജ് .ബി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീമതി അജിതാ കുമാരി. കെ	എച്ച്.എം	01-04-2022	17-07-2022
ശ്രീമതി രമാദേവി	എച്ച്.എം	18-07-2022	31-03-2023
ശ്രീ. രതീഷ് ബാബു	വി.ഇ.ഒ	01-04-2022	26-09-2022
ശ്രീ.അനൂപ്	വി.ഇ.ഒ	27-09-2022	31-03-2023
ശ്രീ. രതീഷ് ബാബു	വി.ഇ.ഒ	01-04-2022	31-03-2023
ശ്രീ.അനീഷ് കുമാർ എ.ഇ	അസിസ്റ്റന്റ് എഞ്ചീനീയർ	01-04-2022	31-03-2023
ശ്രീ. സുധാകരൻ നായർ ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-05-2022
ശ്രീ. ഹരികൃഷ്ണൻ ബി.	അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്	01-06-2022	30-10-2022
ശ്രീമതി ശ്രീലത.ആർ.എസ്.	അസിസ്റ്റന്റ് സെക്രട്ടറി	31-10-2022	31-03-2023
ഡോ. പ്രദീപ് കുമാർ ആനന്ദ്	വെറ്ററിനറി സർജൻ	01-04-2022	31-03-2023

ഡോ. ലക്ഷ്മി കൃഷ്ണൻ	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	01-04-2022	31-03-2023
ശ്രീ. ശ്യാം കുമാർ	കൃഷി ഓഫീസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കേറ്റ്	1-1
2	മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം	1-1-01
3	മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.	1-1-02
4	നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.	1-1-03
5	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-04
6	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-05
7	ഓൺലൈൻ കളക്ഷന് രസീത് ഇല്ല	1-1-06
8	വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല	1-1-07
9	വാർഷിക കണക്കുകൾ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-1-08
10	തുക ചെലവ് ചെയ്ത,ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-09
11	ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല	1-1-10
12	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പ് പദ്ധതി	1-6
18	ക്ഷേമ പദ്ധതികൾ	1-7
19	ക്യാഷ് വെരിഫിക്കേഷൻ	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	തീയേറ്ററിൽ നിന്നും വിനോദനികുതി ഈടാക്കിയില്ല.	1-11
23	സേവനഉപനികുതി ഈടാക്കുന്നതിലൂടെയുള്ള തനതു വരുമാന വർദ്ധനവ്-പരിശോധന അനിവാര്യം	1-12

24	റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല	1-13
25	തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയില്ല	1-14
26	വാടക ഈടാക്കാൻ അവശേഷിക്കുന്നു	1-15
27	ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം	1-16
28	മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റ് ഇല്ല	1-17
29	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം - ടെണ്ടർ ഇല്ലാതെ വാങ്ങൽ	1-18
30	മെഡിക്കൽ ഓഫീസർ പി.എച്ച്.സി. - തുക നൽകിയെങ്കിലും മരുന്നു പൂർണ്ണമായും ലഭിച്ചില്ല	1-19
31	പൊങ്ങൻപാറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു	1-20
32	മരാമത്ത് പ്രവൃത്തികൾ - ടെന്റർ നടപടികളിൽ അപാകത	1-21
33	കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല : 7,24,856/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
34	തെരുവുവിളക്ക് പരിപാലനം	1-23
35	ഹരിതകർമസേന - പ്രവർത്തന അവലോകനം	1-24
36	അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നില്ല.	1-25
37	തനതു വിഭവ സമാഹരണം- അവലോകനം	1-26
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	മരാമത്ത് പ്രവൃത്തികൾ - ടെണ്ടർ നടപടികളിൽ അപാകത : 19,868/-രൂപയുടെ അധിക ചെലവ്.	3-1
2	മരാമത്ത് പ്രവൃത്തികൾ - ടെണ്ടർ നടപടികളിൽ അപാകത : 40,332/-രൂപയുടെ അധിക ചെലവ്.	3-2
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5

6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/ സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കേറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 26-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 28-6-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം.

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1-1-01 മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

ഇനം	2021-22 CB	22-23 OB
Accumulated Depreciation Sewerage And Drainage	0	23448

2021-22 വാർഷിക കണക്കുകളുടെ ട്രയൽ ബാലൻസ് പ്രകാരം Accumulated Depreciation Sewerage And Drainage, 416100103 എന്ന ഹെഡിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല. (4-8-22 ൽ പ്രിന്റ് എടുത്ത് ഓഡിറ്റിനായി സമർപ്പിച്ച വാർഷികകണക്കുകൾ പ്രകാരം). എന്നാൽ നിലവിൽ പ്രിന്റ് എടുത്ത 2021-22 വാർഷികകണക്കുകളുടെ ട്രയൽ ബാലൻസ് പ്രകാരം Accumulated Depreciation Sewerage And Drainage എന്ന ഹെഡിൽ നീക്കിയിരിപ്പ് ഉണ്ട്. സാങ്കേതിക തകരാറാണ് എന്ന വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

1-1-02 മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.

Item	2021-22 CB	22-23 OB
Excess Of Income Over Expenditure	31337210.35/-	32072105.35/-

1-1-03 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

B-12 ഷെഡ്യൂളിൽ 420500101 എന്ന ഹെഡിൽ INVESTMENT – EQUITY SHARES എന്ന പേരിൽ ചേർത്തിരിക്കുന്ന 1000/-രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

1-1-04 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

Net Cash Flow In Cash Flow Statement =57086108/-രൂപ
Net Cash Flow By Operating A = -56091180/-രൂപ
Net Cash Flow By Investing B = 63097804/-രൂപ
Net Cash Flow By Financing C = 626257/-രൂപ
TOTAL A+B+C = 7632881/-രൂപ
Difference = 49253227/-രൂപ

1-1-05 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-06 ഓൺലൈൻ കളക്ഷന് രസീത് ഇല്ല

ഗ്രാമപഞ്ചായത്തിന് ഓൺലൈനായി ലഭിയ്ക്കുന്ന വരവുകൾ രസീത് ചെയ്യപ്പെടുന്നില്ല.

1-1-07 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule

1-1-08 വാർഷിക കണക്കുകൾ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ്/ലോൺ രജിസ്റ്റർ (അസറ്റ്),

1-1-09 തുക ചെലവ് ചെയ്തു,ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

ശുചിത്വമിഷൻ ഗ്രാന്റിനത്തിലുള്ള തുകയുടെ റവന്യു ചെലവായി കാണിച്ചിരിക്കുന്ന തുക ലോണിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെ ജേണൽ എൻട്രി ആണ്.

1-1-10 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല (ജലജീവൻ മിഷനായി പുതിയതായി ആരംഭിച്ച അക്കൗണ്ടിലേക്കുള്ള 5,00,00,000/-രൂപയുടെ ചെക്ക്).

1-1-11 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

സംയുക്ത പ്രോജക്ടുകളുടെ ഫണ്ടിൽ നിന്നും മുൻവർഷം ചെലവായ തുക, ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് മുൻബാക്കിയായി ചേർത്തിരുന്ന തുക എന്നിവ ജേണൽ എൻട്രി ഇട്ട് ആസ്തിയാക്കി മാറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 23/03/2022 ലെ 1(1) നമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റ് 06/03/2023 2(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹1,44,66,033/-
വരവ്	₹9,85,13,750/-
ആകെ	₹11,29,79,783/-
ചെലവ്	₹4,14,27,642/-
നീക്കിയിരിപ്പ്	₹7,15,52,141/-
വരവ് ഭാഗത്ത് നഷ്ടം	--
നിരാകരിച്ച തുക	₹60,200/-
തടസ്സപ്പെടുത്തിയ തുക	₹21,93,541/-

പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങി ട്രഷറി അക്കൗണ്ടുകളിലെ വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക നിലയിലും ഉൾപ്പെട്ടിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	സി.ബി. ₹
വികസന ഫണ്ട്-ജനറൽ	-	1,83,72,000/-	1,83,72,000/-	1,64,70,066/-	19,01,934/-
വികസന ഫണ്ട്-എസ്.സി.പി	-	1,15,25,000/-	1,15,25,000/-	92,08,203/-	23,16,797/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്(ട്രഷറി)	-	15,93,538/-	15,93,538/-	14,01,796/-	1,91,742/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്(ട്രഷറി)	-	29,29,277/-	29,29,277/-	9,00,479/-	20,28,798/-
മെയിന്റനൻസ്, റോഡ്	-	1,04,15,000/-	1,04,15,000/-	64,20,103/-	39,94,897/-
മെയിന്റനൻസ്, നോൺ-റോഡ്	-	66,61,000/-	66,61,000/-	47,75,956/-	18,85,044/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്(ബാങ്ക്)	5,92,877/-	34,30,335/-	40,23,212/-	34,22,057/-	6,01,155/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്)	34,93,500/-	47,92,000/-	82,85,500/-	37,92,723/-	44,92,777/-
സാക്ഷരത	7,388/-	155/-	7,543/-	-	7,543/-
റ്റി.എസ്.സി	11,681/-	19	11,700/-	-	11,700/-
എം.ജി.എൻ.ആർ.ഇ.ജി.എസ്	5,402/-	13,54,482/-	13,59,884/-	13,53,556/-	6,328/-
ICDS	16,74,984/-	14,19,150/-	30,94,134/-	1,29,861/-	29,64,273/-
ശുചിത്വ മിഷൻ	10,41,590/-	-	10,41,590/-	3,60,412/-	6,81,178/-
ലൈഫ് സ്റ്റേറ്റ് ഷെയർ	14,60,000/-	33,00,000/-	47,60,000/-	9,10,000/-	38,50,000/-
പി.എച്ച്. സി.ഇൻഫ്രാസ്ട്രക്ച്ചർ	-	4,25,152/-	4,25,152/-	0	4,25,152/-

സബ്സെന്റർ	-	2,17,314/-	2,17,314/-	0	2,17,314/-
ജലജീവൻ മിഷൻ	-	5,00,00,000/-	5,00,00,000/-	0	5,00,00,000/-
മറ്റു വരവുകൾ	519/-	65,664/-	66,183/-	-	66,183/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
216	116880780/-	143	63531433/-	57	73	66%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ	5402/-	1354482/-	1359884/-	1353556/-	6328/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	46273138/-	46273138/-	46273138/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
തൊഴിൽരഹിത വേതനം	9,360/-
കർഷകതൊഴിലാളി പെൻഷൻ	7,60,200/-
വിധവാ പെൻഷൻ	1,42,05,800/-
വാർദ്ധക്യകാല പെൻഷൻ	2,81,55,600/-
വികലാംഗ പെൻഷൻ	45,75,600/-
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,15,400/-
വിവാഹധനസഹായം	3,90,000/-

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2023 തീയതിയിൽ 4.30 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 67,383/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണ സംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് നെടുവത്തൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

നികുതി, നികുതിയേതര വരവിനങ്ങളിലെ തുകകൾ കൃത്യമായി നിർണ്ണയിച്ച് 100% പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ആയിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികൾ, പരിശോധനകൾ എന്നിവ ക്രമപ്രകാരം നടത്തുന്നതിന്റെ രേഖയില്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുൻ വർഷങ്ങളിലെ കുടിശിക തുക ഒടുക്കുവരുത്തുന്നതിന് ആർ.ആർ. നടപടി

സ്വീകരിച്ചിട്ടുണ്ടെങ്കിലും തുക നാളിതുവരെയും ഒടുക്കിയിട്ടില്ല.
കേരള ജല അതോറിറ്റിയിൽ ദീർഘകാലം മുൻപ് മുൻകൂർ നിക്ഷേപിച്ച വിവിധ പ്രവൃത്തികൾക്കായുള്ള തുകകൾ നാളിതുവരെ വിനിയോഗിച്ചിട്ടുള്ളതായി കാണുന്നില്ല.
പ്രോജക്ടുകൾക്കായി തനതുഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളും സുലേഖ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടു വരുന്നില്ല.
ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണ നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ, പ്രത്യേകിച്ചും കുടിവെള്ള പദ്ധതികൾ പോലുള്ളവ, ഫലപ്രാപ്തിയിലെത്തിക്കുന്നതിലുള്ള ജാഗ്രതക്കുറവും ഗ്രാമപഞ്ചായത്തിൽ പ്രകടമാണ്. തെരുവുവിളക്ക് പരിപാലനത്തിനായി ഗണ്യമായ തുക ചെലവഴിക്കുമ്പോഴും ചെലവിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നില്ല. എം.സി.എഫ്. ലേക്ക് അഗ്നിസുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി 2 ഫയർ എക്സ്റ്റിൻഗ്യൂഷർ വാങ്ങി സ്ഥാപിച്ചിട്ടുണ്ടെങ്കിലും അനിവാര്യമായ മറ്റ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ജലഅതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് ഭരണസമിതി തലത്തിൽ തീരുമാനം കൈക്കൊണ്ട് ഈ ഇനത്തിലുള്ള അധിക ചെലവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	9-12-22	7/2022 To 9/2022	27/12/22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	15-10-2016	2011-2012 To 2015-16	20-12-17

1-11 തീയേറ്ററിൽ നിന്നും വിനോദനികുതി ഈടാക്കിയില്ല.

തെക്കുംപുറം വാർഡിൽ പ്രവർത്തിക്കുന്ന ചെല്ലം തീയേറ്ററിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല. ജി.എസ്.ടി. നിരക്ക് 28% ൽ നിന്നും 18% ആയി കുറച്ചതിന്റെ ഭാഗമായി സ.ഉ.(കൈ) നം.63/2019/ത.സ്വ.ഭ.വ., തീയതി 10.06.19 പ്രകാരം 10.06.19 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഈടാക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.11.21 ലെ സ.ഉ.(സാ.ധാ.) നം. 2358/2021/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സിനിമാ തീയേറ്ററുകളുടെ 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ വിനോദനികുതി ഇളവ് ചെയ്തിരുന്നു. വിനോദനികുതി ഈടാക്കാത്തത് ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് വിനോദനികുതി ഒടുക്ക് വരുത്തുവാൻ കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. സിനിമാ തീയേറ്ററുകളിൽ നിന്നും സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ., തീയതി 31.08.19 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വും 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വും നിരക്കിൽ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിയ്ക്കുള്ളിൽ വിനോദനികുതി ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകുയറി നം.3/ 13.07.23

1-12 സേവനഉപനികുതി ഈടാക്കുന്നതിലൂടെയുള്ള തനതു വരുമാന വർദ്ധനവ്- പരിശോധന അനിവാര്യം

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപ്പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി

ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപ്പഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കാവുന്നതാണ്. 2022-23 ൽ ആകെ 42,99,981/-രൂപ വസ്തുനികുതി ഇനത്തിൽ (കറണ്ട് & അരിയർ ഉൾപ്പടെ, ലൈബ്രറി സെസ്സ് ഒഴികെ) ഈടാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കിയാൽ തന്നെയും 4,29,998/-രൂപ ഈ ഇനത്തിൽ ലഭിക്കേണ്ടതായിരുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ ധനാഗമ മാർഗ്ഗം എന്ന നിലയിൽ ഭരണസമിതി തീരുമാനം എടുത്ത് സേവന ഉപനികുതി ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-13 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം) ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള 17 റേഷൻകടകളും ലൈസൻസ് എടുത്തിട്ടില്ല. അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് റേഷൻ കടകൾക്ക് നോട്ടീസ് നൽകി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി നൽകി.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 തീയതിയിലെ (സി.എസ്.)എ 9- 764/2019 സർക്കുലർ, പ്രകാരം റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്.

റേഷൻകടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 15/19.07.23

1-14 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയില്ല

ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, ക്ഷീരസഹകരണ സംഘം, ആനക്കോട്ടൂർ-ലെ ജീവനക്കാർ തുടങ്ങിയവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്ഷീരസഹകരണ സംഘം, ആനക്കോട്ടൂർ തൻവർഷം സ്ഥാപന തൊഴിൽനികുതിയും ഒടുക്കിയിട്ടില്ല.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും ആനക്കോട്ടൂർ

ക്ഷീരസംഘത്തിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം. 15/19.07.23

1-15 വാടക ഈടാക്കാൻ അവശേഷിക്കുന്നു

പുത്തൂർ ഷോപ്പിങ് കോംപ്ലെക്സിലെ V, VI, VII, VIII, X, XI, XII, XIII എന്നീ കടമുറികളിൽ പ്രവർത്തിച്ച സപ്ലൈകോ സൂപ്പർമാർക്കറ്റിൽ നിന്നും മാസ വാടക 3650/- രൂപയാണ് തൻവർഷം പിരിച്ചിട്ടുള്ളത്. ഈ സ്ഥാപനത്തിൽ നിന്ന് മുൻ വർഷത്തെക്കാൾ 5% ഉയർന്ന നിരക്കിൽ മാസവാടകയും 18% ജി.എസ്.റ്റിയും ഈടാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് 2021-22 വർഷത്തെ 5% വർദ്ധിപ്പിച്ച തുക 2196/- രൂപ അടവാക്കിയിട്ടുണ്ടെന്നും 2022-23 വർഷത്തെ വർദ്ധിപ്പിച്ച തുകയായ 2304/-രൂപ യും ജി.എസ്.ടി.യും ഒടുക്ക് വരുത്തുവാൻ കത്ത് നൽകിയിട്ടുണ്ടെന്നും തുക അടവാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തുകകൾ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഷോപ്പിങ് കോംപ്ലെക്സിലെ കടമുറി നം.19 വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ. രതീഷ് കുമാർ, തിരുവാതിര, കുരുമ്പാലൂർ എന്ന വ്യക്തി പ്രതിമാസ വാടക തുകയായ 1450/- രൂപയും ജി.എസ്.ടി. ഇനത്തിലെ 261/- രൂപയും മാത്രമാണ് തൻവർഷം അടവാക്കിയിട്ടുള്ളത്. കുടിശിക വാടക 15950/-രൂപ, ജി.എസ്.ടി. 2871/- രൂപ എന്നിവ നാളിതുവരെ അടവാക്കിയിട്ടില്ല. വാടക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് വികലാംഗനായ ശ്രീ. രതീഷ് കുമാർ ചികിത്സയിൽ ആയതിനാലും സ്വന്തമായി വീടോ വസ്തുവോ ഇല്ലാത്തതിനാൽ വാടക കുടിശിക അടയ്ക്കുവാൻ നിർവ്വാഹമില്ലാത്തതിനാലും 09.02.2023 തീയതിയിലെ 5/1 നമ്പർ തീരുമാന പ്രകാരം വാടക കുടിശിക ഒഴിവാക്കിയെന്നും ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായതായി കണ്ടെത്തുന്ന മുറയ്ക്ക് വാർഡ് മെമ്പറായ ശ്രീ. ജി. സന്തോഷ് കുമാറിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി നൽകി. മേൽ തീരുമാനം അംഗീകരിയ്ക്കാവുന്നതല്ല. കുടിശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ തുടരേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകൃയറി നം. 16/19.07.23

1-16 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2022-23 ൽ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ 1789 കുടുംബങ്ങളിലെ 1977 വ്യക്തികൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 107890 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 773 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 47626694/- രൂപ ചെലവ് ചെയ്തു. ഭവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ, റോഡ് നിർമ്മാണം വ്യക്തിഗത ആസ്തികൾ, വൃക്ഷത്തൈ നടീൽ എന്നിവയ്ക്കായാണ് മുഖ്യമായും തുക വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. റോഡ് കോൺക്രീറ്റിംഗ് പോലുള്ള പ്രവൃത്തികൾക്കായി ശേഖരിക്കുന്ന മെറ്റീരിയലുകളുടെ അളവ്, ഗുണനിലവാരം എന്നിവ പ്രവൃത്തിയുടെ മേൽനോട്ടചുമതലയുള്ള അക്രഡിറ്റഡ് എഞ്ചിനീയർ പ്രവൃത്തികളുടെ എം-ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

2. മേൽനോട്ടചുമതലയുള്ള അക്രഡിറ്റഡ് എഞ്ചിനീയർ പ്രവൃത്തികളുടെ എം-ബുക്കിൽ യഥാർത്ഥ പ്രവൃത്തിമൂല്യം കണക്കാക്കി ശുപാർശ ചെയ്യാതെതന്നെ, സെക്രട്ടറി ബിൽ തുക പാസ്സാക്കുന്നു.

3. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല. ഓരോ ഗുണഭോക്താവിന്റെയും വസ്തുവിൽ നിർവ്വഹിക്കുന്ന ഭവികസന പ്രവൃത്തികളുടെ അളവുകൾ എം ബുക്കിൽ പ്രത്യേകം രേഖപ്പെടുത്തുന്നില്ല.

4. ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചതിന്റേയും കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ഉദ്യോഗസ്ഥതല/ഭരണതല വീഴ്ചകൾ

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 10/06/2013 -ലെ സർക്കാർ ഉത്തരവ്(എം.എസ്.) നം. 218/2013 പ്രകാരമാണ് ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന ചുമതല നൽകിയത്. ഇതിൽ തൊഴിലാളി ഗ്രാമസഭയുടെ സംഘാടനം, പ്രവൃത്തികളുടെ മേൽനോട്ടം, അളവിന്റെ

പരിശോധന എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കപ്പെടുന്നതായി രേഖയില്ല.

2. ഗ്രാമസഭകൾ കൂടി, അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം, സാമൂഹിക പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.

3. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പരിശോധനകൾ കൃത്യമായി നടത്തിയതായി രേഖയില്ല.

മേൽ വിഷയങ്ങൾ ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

1-17 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റ് ഇല്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പ്രോജക്ട് നമ്പർ	241/23
പ്രോജക്ട്	മെറിറ്റോറിയസ് സ്കോളർഷിപ്പ്
അടങ്കൽ	2,25,000/-രൂപ
ഫണ്ടിനം	വികസനഫണ്ട് എസ്.സി.പി.
ചെലവ്	2,05,000/-രൂപ
ബിൽ നമ്പർ	4/25-3-23

മുൻവർഷങ്ങളിൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഈ സാമ്പത്തിക വർഷവും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ താഴെ പറയുന്നവരാണ്.

ഗുണഭോക്താക്കൾ	കൈപ്പറ്റിയ തുക (₹)
ജഗൻ എം. ജെ.	50,000/-
മായ എം. ജെ.	30,000/-
ആഘോഷ് ആർ	30,000/-
അഥീന ആർ. എസ്.	30,000/-
ദേവിക	20,000/-
പൂവാത്യാഗി	30,000/-
അഞ്ജിതാ ചന്ദ്രൻ	15,000/-

എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഈ ഗുണഭോക്താക്കളെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുകയോ അടുത്ത ഗ്രാമസഭയിൽ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകരിക്കാൻ അജണ്ട നൽകിയിട്ടുണ്ടെന്നും തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ ആനുകൂല്യം നൽകിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,05,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 2/13-7-23

തടസ്സപ്പെടുത്തിയ തുക – 2,05,000/-രൂപ

1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം - ടെണ്ടർ ഇല്ലാതെ വാങ്ങൽ

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം പദ്ധതി പ്രകാരം ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ട് പഠനോപകരണങ്ങൾ വാങ്ങിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	35/23

പ്രോജക്ട്	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം
അടങ്കൽ	6,35,000/-രൂപ
ഫണ്ടിനം	വികസനഫണ്ട് എസ്.സി.പി. = 5,95,250/-രൂപ തനതുഫണ്ട് = 39,750/-രൂപ
ചെലവ്	2,75,001/-രൂപ
ബിൽ നമ്പർ	1/28-5-22
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി

2020-21 ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിനുവേണ്ടി 2022-23 ൽ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന സ്ഥാപനത്തിൽ നിന്നും പഠനോപകരണങ്ങൾ വാങ്ങി. ആയതിനായി 22-2-2021 ലെ 261/20-21 നമ്പരായി പെർഫോർമാ ഇൻവോയ്സ് ലഭ്യമാക്കിയെങ്കിലും ഉപകരണങ്ങൾ വാങ്ങിയില്ല. 29-12-2021 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മേൽ സ്ഥാപനത്തിൽ നിന്ന് തന്നെ വാങ്ങാനായി തീരുമാനമെടുത്തതിനെ തുടർന്ന് പുതുക്കിയ പെർഫോർമാ ഇൻവോയ്സ് 16-1-2022 തീയതിയിൽ F/261/20-21 നമ്പർ ആയി വാങ്ങി. 13-5-2022 തീയതിയിലെ ടാക്സ് ഇൻവോയ്സ് നമ്പർ 58/2022-23 പ്രകാരം ഹാർഡ് വുഡ് സ്റ്റഡി ടേബിളും ചെയറും ലഭ്യമാക്കുകയും വൗച്ചർ നം. 1/28-5-2022 പ്രകാരം തുക നൽകുകയും ചെയ്തു. ടെണ്ടർ, ക്വട്ടേഷൻ നടപടികൾ ഒന്നും സ്വീകരിക്കാതെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ സ്ഥാപനം റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മറുപടി നൽകി. എന്നാൽ ഇതു സംബന്ധിച്ച 22-9-2021 തീയതിയിലെ GO(RT) No. 18/2021/SPD നമ്പർ ഉത്തരവ് പ്രകാരം, മേൽപ്രകാരം വാങ്ങിയ ഇനങ്ങൾ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,75,001/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 2/13-7-23.
തടസ്സപ്പെടുത്തിയ തുക - 2,75,001/-രൂപ.

1-19 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. - തുക നൽകിയെങ്കിലും മരുന്ന പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരുന്ന വാങ്ങൽ പദ്ധതികൾക്കായി തുക കെ.എം.എസ്.സി.എല്ലിന നൽകിയെങ്കിലും നാളിതുവരെ മരുന്ന പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് പേര് & നം.	ബിൽ നമ്പർ	ഇൻവോയ്സ് നമ്പർ	തുക (₹)	ലഭ്യമായ മരുന്നുകളുടെ വില (₹)	ലഭ്യമാകാനുള്ള മരുന്നുകളുടെ വില (₹)
നെടുവത്തൂർ കുടുംബാരോഗ്യകേന്ദ്രത്തിന് മരുന്ന വാങ്ങൽ (20/23)	4/22-23/ 20-8-22	PRF562/ 2-7-22	10,00,000/-	5,60,670/-	4,39,330/-
പാലിയേറ്റീവ് ഹോംകെയർ (22/23)	14/6-12-22	PRF 1632/ 13-10-22	3,44,374/-	1,59,950/-	1,84,424/-
പാലിയേറ്റീവ് ഹോംകെയർ (22/23)	15/20-12-22	PRF 2719/ 2-12-22	2,05,626/-	40,696/-	1,64,930/-

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ലഭ്യമാക്കാൻ ബാക്കിയുള്ള മരുന്നിന്റെ വിലയായ 7,88,684/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 12/15-7-23.

തടസ്സപ്പെടുത്തിയ തുക – 7,88,684/-രൂപ.

1-20 പൊങ്ങൻപാറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 ൽ ഡി.പി.സി. അംഗീകാരം ലഭിച്ച പൊങ്ങൻപാറ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തിനായി 2,00,000/- രൂപ (XVFC-2022-23/P/7 തീയതി 27.12.2022) 2022-23 ൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നാണ് തുക ചെലവഴിച്ചത്. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും, പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. പ്രവൃത്തി പൂർത്തിയാകാത്തതിനാൽ ഈ ഇനത്തിലുള്ള 2022-23 ലെ ചെലവ് 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി 05/15.07.2023.
തടസ്സപ്പെടുത്തുന്ന തുക – 2,00,000/-രൂപ.

1-21 മരാമത്ത് പ്രവൃത്തികൾ - ടെന്റർ നടപടികളിൽ അപാകത

1) പ്രോജക്ട് നമ്പർ : SO 58/21-22 തോണ്ടാലിൽ നെല്ലിക്കലഴികത്ത് റോഡ് കോൺക്രീറ്റ്.

അടങ്കൽ തുക : 1,73,970/- (Maintanance Fund-Road)
TS No.83207/21-22

കരാറുകാരൻ : സുധീഷ് ചന്ദ്രബോസ്, സുരഭി, നെടുവത്തൂർ.

കരാർ നമ്പർ : 56/AE/LSGD/NDVTR/21-22 Dtd 18.03.2022.
ചെലവ് തുക : 165775/-രൂപ (ബിൽ നം. 22040252017000094100/11.05.22)

മേൽ പ്രവൃത്തിക്കായി 3 ഇ-ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടു.

1. ചിറക്കടവ് ശ്രീമുരുകാ കൺസ്ട്രക്ഷൻസ് (ഹരികൃഷ്ണൻ) 10.03.22ൽ സമർപ്പിച്ച 155330.02/-രൂപ രേഖപ്പെടുത്തിയ ടെണ്ടർ (Tender ID : 2022-lsgd-478470.1).

2. ചിറക്കടവ് കൺസ്ട്രക്ഷൻസ് (സുധീഷ് ചന്ദ്ര ബോസ്) 08.03.22ൽ സമർപ്പിച്ച 150670.09/-രൂപ (2.96% കുറവ്) രേഖപ്പെടുത്തിയ ടെണ്ടർ (Tender ID:2022-lsgd-478470.1).

3. സ്റ്റെലാർക്ക് കൺസ്ട്രക്ഷൻസ് (ലാൽകുമാർ എസ്, ലാൽ ഭവൻ) 08.03.22ൽ സമർപ്പിച്ച 132600.60/-രൂപ (14.59% കുറവ്) രേഖപ്പെടുത്തിയ ടെണ്ടർ (Tender ID:2022-lsgd-478470.2).

മേൽ 3 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ലാൽ കുമാറിന്റെ ടെണ്ടർ പരിഗണിക്കാതെയാണ് ശ്രീ. സുധീഷ് ചന്ദ്രബോസിനെ കരാർ ഏൽപ്പിച്ചത്.

ഇത്തരത്തിൽ കരാർ ഏൽപ്പിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടിയായി, ഇ-ടെണ്ടർ വേളയിൽ ഒരു മാനുഷിക പിഴവുണ്ടായി എന്നും, ഇന്റർനെറ്റ് തകരാറുമൂലം ആദ്യം ചെയ്ത ടെണ്ടർ പബ്ലിഷ് ആകാതെ വരുകയും തുടർന്നും ടെണ്ടർ ചെയ്തപ്പോൾ രണ്ട് വ്യത്യസ്ത ടെണ്ടർ ഐ.ഡി കളിൽ രണ്ട് ടെണ്ടറുകളും പബ്ലിഷ് ആവുകയും ചെയ്തുവെന്നും, ആയതിനാൽ ഒരു ടെണ്ടർ ക്യാൻസൽ ചെയ്തുവെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു. പിഴവ് ഉണ്ടായ സാഹചര്യത്തിൽ രണ്ട് ടെണ്ടറുകളും ക്യാൻസൽ ചെയ്യുന്നതിനു പകരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യപ്പെട്ട ടെണ്ടർ ക്യാൻസൽ ചെയ്യുകയും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കപ്പെടുകയും ചെയ്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് കരാർ നൽകിയത് കാരണം ചൂവടെ വിവരിക്കും വിധത്തിൽ അധിക ബാദ്ധ്യതയുണ്ടായതായി കണക്കാക്കുന്നു.

സ്റ്റെലാർക്ക് കൺസ്ട്രക്ഷൻസ് (ലാൽ കുമാർ എസ്, ലാൽ ഭവൻ) എന്ന വ്യക്തി 14.59% കുറവ്കുറഞ്ഞ നിരക്ക്

രേഖപ്പെടുത്തി സമർപ്പിച്ച ടെണ്ടർ പരിഗണിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് ചുവടെ കണക്കാക്കുന്നു.

ആകെ പ്രവൃത്തി മൂല്യം : 152528.00 രൂപ
കുറയ്ക്ക 14.59%... : 22254.00രൂപ

130274/-രൂപ

കൂട്ടുക 12% GST..... 15633/-രൂപ
ആകെ.....145907/-രൂപ
അധിക ചെലവ് : 19868/-രൂപ (165775-145907)
അധികം നൽകിയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.
നിരാകരിക്കുന്ന തുക – 19868/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 9/15.07.2023.

2) പ്രോജക്ട് നമ്പർ : SO 79/22-23 തെക്കേവിള ജംഗ്ഷൻ – നേടിയാല കൈതക്കുഴി ജംഗ്ഷൻ റോഡ് കോൺക്രീറ്റ്.

നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.
TS No. 83222/21-22
അടങ്കൽ തുക : 2,57,853/-രൂപ (CFC Grant)
ചെലവ് തുക ചുവടെ ചേർക്കും പ്രകാരം കണക്കാക്കി നൽകി.
ആകെ പ്രവൃത്തി മൂല്യം : 2,25,353/-രൂപ Limited To : 2,18,519/-രൂപ.
കൂട്ടുക : 18% GST Componsation.....: 39333.42 രൂപ (ടെണ്ടർ കിഴിവ് 0.01% കണക്കിലെടുത്തിട്ടില്ല)
ആകെ.....: 257852/-രൂപ (ബിൽനം. 220402520170007467O9/7.11.22)
കരാറുകാരൻ : ശ്രീ. ലാൽകുമാർ, ലാൽ ഭവനം,ആനക്കോട്ടൂർ.

കരാർ നമ്പർ : 76/AE/LSGD/NDVR/21-22 Dtd 30.03.22
എം ബുക്ക് നം. : 76/21-22

പദ്ധതി ഫയൽ പരിശോധിച്ചതിൽ, പദ്ധതിയുടെ ടെണ്ടറിൽ ഇ-ടെണ്ടർ ആയി ശ്രീ. ഹരികൃഷ്ണൻ യു, ചിറക്കടവ് ശ്രീമുരുകാ കൺസ്ട്രക്ഷൻസ്, കൃഷ്ണവിലാസം എന്ന വ്യക്തി 18.2% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി 08.03.2022 ൽ സമർപ്പിച്ചിട്ടുള്ള ടെണ്ടറും, മാനുവൽ ടെണ്ടർ ആയി ശ്രീ. ലാൽ കുമാർ, ലാൽ ഭവനം, ആനക്കോട്ടൂർ എന്ന വ്യക്തി 0.01% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി 23.03.2022 ൽ സമർപ്പിച്ച ടെണ്ടറും കാണാൻ കഴിഞ്ഞു. ടെണ്ടറുകൾ ഓപ്പൺ ചെയ്ത തീയതി ഫയലിലോ, ടെണ്ടർ രജിസ്റ്ററിലോ രേഖപ്പുടുത്തിയിട്ടില്ല. ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ലാൽ കുമാറിനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്.

അപാകതയ്ക്കമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, പ്രവൃത്തിക്കായി 08.03.22ൽ നടത്തിയ ഇ-ടെണ്ടറിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ റീ-ടെണ്ടർ നടത്താൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചുവെന്നും, സമയ പരിമിതിമൂലം മാനുവൽ ടെണ്ടറിംഗ് ആണ് നടത്തിയതെന്നും ഇത്തരത്തിൽ 23.03.22 ൽ മാനുവൽ ടെണ്ടർ നടത്തിയതിൽ വീണ്ടും ഒരു ടെണ്ടർ മാത്രം ലഭിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു എന്നും (തീരുമാനം നം.3(1)/30.03.22), ടെണ്ടർ നടപടികൾ നടക്കുന്ന വേളയിൽ ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ ഓപ്പൺ ചെയ്തിരുന്നില്ലാ എന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു. എന്നാൽ അസി.എഞ്ചിനീയർ വിശദീകരിച്ച രീതിയിൽ സമയ പരിമിതി ഉണ്ടായ സാഹചര്യം വ്യക്തമല്ല. കൂടാതെ പ്രവൃത്തിക്ക് റീടെണ്ടർ നടത്തിയതായി വ്യക്തമാക്കുന്ന രേഖകളും ഇല്ല. ആദ്യത്തെ ഇ-ടെണ്ടർ നടപടി ക്യാൻസൽ ചെയ്യാതെ കൂടിയ നിരക്കിലുള്ള മാനുവൽ ടെണ്ടർ, നെഗോഷ്യേഷൻ പോലും നടത്താതെ പരിഗണിക്കുകയാണ് ചെയ്തിട്ടുള്ളത്.

സിംഗിൾ ടെണ്ടർ ലഭ്യമാകുന്ന സന്ദർഭങ്ങളിൽ ടെണ്ടർ നടത്തുന്ന അധികാരികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ GO(P)No324/2015/Fin/dtd 30.07.2015ൽ വ്യക്തമാക്കുന്നു. ആയതു പ്രകാരം ഇത്തരം സന്ദർഭങ്ങളിൽ അധികാരികൾക്ക് ടെണ്ടർ തുറക്കാനുള്ള തീയതി 15 ദിവസം വരെ ദീർഘിപ്പിച്ചുകൊണ്ട് കൂടുതൽ പ്രചരണങ്ങളിലൂടെ മറ്റ് ടെണ്ടറുകൾ കൂടി ലഭ്യമാക്കാൻ ശ്രമം നടത്തി, അത്തരത്തിൽ ടെണ്ടറുകൾ ലഭ്യമാകുകയാണെങ്കിൽ മുൻപ് ലഭ്യമായ സിംഗിൾ ടെണ്ടറിനൊപ്പം ഓപ്പൺ ചെയ്ത് കുറഞ്ഞ നിരക്ക്

രേഖപ്പെടുത്തിയ കരാറുകാരനെ പരിഗണിക്കുകയോ, റീടെണ്ടർ നടത്തുകയോ ചെയ്യാവുന്നതാണ്.
പദ്ധതി നിർവ്വഹണാധികാരിയായ അസി.എഞ്ചിനീയറുടെ വിശദീകരണത്തിൽനിന്നും, നടപടിക്രമങ്ങളിലെ സമയക്രമത്തിൽനിന്നും സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടില്ല എന്നും, ഇതുമൂലം പദ്ധതിനിർവ്വഹണത്തിന് അധിക ചെലവുണ്ടായി എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.
ശ്രീ. ഹരികൃഷ്ണൻ യു, ചിറക്കടവ് ശ്രീമുരുകാ കൺസ്ട്രക്ഷൻസ്, കൃഷ്ണവിലാസം എന്ന വ്യക്തി 18.2% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി സമർപ്പിച്ച ടെണ്ടർ പരിഗണിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് ചുവടെ കണക്കാക്കുന്നു.
ആകെ പ്രവൃത്തി മൂല്യം : 225353.00രൂപ
കുറയ്ക്ക 18.2%..... : 41014.246 രൂപ

184338.754 രൂപ

കൂട്ടുക 18% GST.... ..... : 33180.975 രൂപ
ആകെ..... : 217520/-രൂപ
അധിക ചെലവ് : 40332/-രൂപ (257852-217520).
തുക ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
നിരാകരിക്കുന്ന തുക – 40332/-രൂപ.
ഓഡിറ്റ് എൻക്വയറി നം.9/15.07.2023.

1-22 കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല : 7,24,856/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രവർത്തനക്ഷമമാകാതെ നാശോന്മുഖമായ അവസ്ഥയിൽ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
1. പ്രോജക്ട് നമ്പർ: SO 48/22-23 കണിയാംമുക്ക് പാട്ടവിള കുടിവെള്ള പദ്ധതി.
TS No 64646/21-22
നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ തുക : 4,25,000/-രൂപ (വികസന ഫണ്ട്)
പദ്ധതി ചെലവ് : 4,24,856/-രൂപ. (ബിൽ നം. XVFC/2022-23/P/2/dtd.30.8.22)
കരാറുകാരൻ : ശ്രീ. സുധീഷ് ചന്ദ്രബോസ്
കരാർ നം. : 49/AE/LSGD/NDVR/21-22/23.2.22
3000 ലിറ്റർ വാട്ടർ ടാങ്ക്, പഞ്ചായത്ത് വക കിണറിൽ 1.5 എച്ച്.പി. സബ്മേഴ്സിബിൾ പമ്പ് എന്നിവ ഉൾപ്പെടെ സ്ഥാപിച്ചു. പദ്ധതിക്കുള്ള എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിന് തുക വകയിരുത്തിയിരുന്നിട്ടില്ലാഞ്ഞതിനാൽ പദ്ധതി പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല. ഭാരിച്ച തുക ചെലവഴിച്ച ശേഷവും പദ്ധതി ലക്ഷ്യം കൈവരിക്കാതെ അവശേഷിക്കുന്ന സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, വൈദ്യുതീകരണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് 50,000/-രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും, ഒരു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു.

ഓഡിറ്റ് എൻക്വയറി നം. 10/15.07.2023
2. പ്രോജക്ട് നമ്പർ : SO 49/22-23 നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി : പൈപ്പ് ലൈൻ നീട്ടൽ.
TS No : 62525/21-22
നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ തുക : 3,00,000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
പദ്ധതി ചെലവ് : 3,00,000/-രൂപ. (ബിൽ നം.XVFC/2022-23/P/3/dtd.31.8.22)
കരാറുകാരൻ : ശ്രീ. ലാൽ കുമാർ
കരാർ നം. : 51/AE/LSGD/NDVR/21-22/28.2.22

3,00,000/- രൂപ ചെലവഴിച്ച പദ്ധതിയിൽ നിർമ്മിക്കപ്പെട്ട മോട്ടോർ ഷെഡ്, കിണർ എന്നിവ ഉപയോഗപ്രദമല്ലാത്ത രീതിയിൽ കാട് മൂടി കിടക്കുന്നതായും പദ്ധതിക്ക് വൈദ്യുതി കണക്ഷൻ സാധ്യമാക്കിയിട്ടില്ല എന്നും 14.07.23ലെ സ്ഥലപരിശോധനയിൽ ഓഡിറ്റിന് കാണാൻ കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച കുടിവെള്ള വിതരണ ടാപ്പുകളും, ടാപ്പുകളെ ബലപ്പെടുത്തുന്നതിനായി PVC പൈപ്പിൽ കോൺക്രീറ്റ് നിറച്ചുണ്ടാക്കി സ്ഥാപിച്ച പൈപ്പ് കാലുകളും നശിപ്പിക്കപ്പെട്ടതായും, പല ടാപ്പുകളും ഇളക്കി മാറ്റപ്പെട്ടതായും കാണാൻ കഴിഞ്ഞു. പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിനൊപ്പം കണ്ട എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 'നിലവിൽ കിണർ, മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടുള്ളതായും മോട്ടോറും ടാങ്കും തമ്മിൽ കണക്ട് ചെയ്യുകൊണ്ടുള്ള പൈപ്പ് ലൈൻ, ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യം' എന്നും വിശദീകരിക്കുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ വീണ്ടും മോട്ടോർ ഉൾപ്പെടുത്തി. ആദ്യം സ്ഥാപിച്ചിരുന്നതായി പറയപ്പെട്ട മോട്ടോറിന് എന്ത് സംഭവിച്ചു എന്ന് ഫയലിൽ വ്യക്തമല്ല. രണ്ടാമത് ഒരു മോട്ടോർ കൂടി സ്ഥാപിച്ചിട്ടും പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയാതെ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാകാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ആദ്യം സ്ഥാപിച്ചിരുന്ന മോട്ടോർ പമ്പ് റിപ്പയർ ചെയ്യാൻ കഴിയാത്തവിധം നശിച്ചുപോയതിനാലാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ വീണ്ടും മോട്ടോർ ഉൾപ്പെടുത്തിയതെന്നും, ഉടൻതന്നെ വൈദ്യുതീകരണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുമെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു (ഓഡിറ്റ് എൻക്വയറി നം. 10/15.07.2023).

1.5 എച്ച് പി സബ്മേഴ്സിബിൾ പമ്പ് ഉൾപ്പടെ സ്ഥാപിക്കാൻ ലക്ഷ്യമിട്ട പദ്ധതികളിൽ വൈദ്യുതീകരണത്തിന് തുക വകയിരുത്തിയിരുന്നില്ല എന്നതിൽനിന്നും, പദ്ധതി നടത്തിപ്പിൽ ഗുരുതരമായ ആസൂത്രണ പിഴവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ ക്രമ നമ്പർ 2 ൽ പരാമർശിച്ച പദ്ധതിയിൽ ആദ്യ മോട്ടോർപമ്പ് മാറ്റി മറ്റൊന്ന് സ്ഥാപിച്ചിട്ടും നാളിതുവരെ വൈദ്യുതീകരണം നടന്നില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മറ്റ് അധികാരികളുടെയും ഭാഗത്തുനിന്നുണ്ടായ കെടുകാര്യസ്ഥതയും അതിന്റെ ഫലമായി പൊതുപണം പാഴാകുന്നതിന്റെയും വ്യക്തമായ ഉദാഹരണമാകുന്നു. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധ പുലർത്തേണ്ടതാണ്. പദ്ധതി വിജയകരമായി കമ്മീഷൻ ചെയ്യുന്നതുവരെ, മേൽ രണ്ട് പദ്ധതികൾക്ക് വേണ്ടി നടത്തിയ 7,24,856/-രൂപയുടെ (424856+300000) ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 7,24,856/-രൂപ

1-23 തെരുവുവിളക്ക് പരിപാലനം

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തുള്ള പൊതുനിരത്തുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും, അവയുടെ പരിപാലനവും 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ ഒന്നാം പട്ടിക പ്രകാരം ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് പരിപാലനത്തിനും, പുതിയ പോസ്റ്റിൽ എൽ.ഇ.ഡി.ബൾബും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്/നമ്പർ	വകയിരുത്തിയ തുക (₹)	ചെലവഴിച്ച തുക (₹)	ബിൽ നമ്പർ/വൗച്ചർ നമ്പർ
1.	എൽ.ഇ.ഡി.ബൾബും ഇലക്ട്രിക് ഉപകരണങ്ങളും വാങ്ങൽ (100/23)	350000/- (തനത്ഫണ്ട്)	231493/- (തനത്ഫണ്ട്)	22202289/ 27.03.23
2.	തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി (99/23)	400000/- (തനത്ഫണ്ട്- 353591/-) (സി.എഫ്.സി- 46409/-)	162308 (തനത്ഫണ്ട്- 115899/-) (സി.എഫ്.സി- 46409/-)	22202290/ 27.03.23
3.	പുതിയ പോസ്റ്റിൽ എൽ.ഇ.ഡി.ബൾബും അനുബന്ധ ഉപകരണങ്ങളും വാങ്ങലും	433570/- (സി.എഫ്.സി- 433570)	168750/- (സി.എഫ്.സി)	XVFC/2022-23/P/4

	സ്ഥാപിക്കലും (30/23)			

തനത് ഫണ്ടിൽ നിന്നും ഗണ്യമായ തുക തെരുവു വിളക്ക് പരിപാലനത്തിനായി ചെലവഴിക്കുമ്പോഴും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലും, പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/2015 തീയതി 17.08.2015 നമ്പർ ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പൂർണ്ണമായും പാലിക്കുന്നതിന് പഞ്ചായത്ത് വിമുഖത കാട്ടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്ക് പരിപാലനത്തിനായി അംഗീകൃത കരാറുകാരനുമായി നിയമാനുസൃതമായ കരാറിൽ ഏർപ്പെടേണ്ടതും കരാറിന്റെ അസ്സൽ സെക്രട്ടറിയ്ക്കും സാക്ഷ്യപ്പെടുത്തിയ പകർപ്പ് കരാറുകാരനും നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. തെരുവുവിളക്കുകളെ സംബന്ധിച്ചുള്ള പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിഹരിച്ച പരാതിയുടെ വിവരം നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

3. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് അറ്റകുറ്റപണികൾ നടത്തേണ്ടതെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വാർഡ് മെമ്പർ ചെയർമാനായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും കമ്മറ്റി വാർഡ്തല പരിശോധന നടത്തി പുരോഗതി വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5. സ്റ്റോക്ക് രജിസ്റ്ററിൽ വർഷാന്ത്യ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

6. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ സൂക്ഷിക്കുന്നില്ല.

7. ഗ്രാമപ്പഞ്ചായത്ത് പരിപാലിച്ച് വരുന്ന പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ രജിസ്റ്ററിലെ എണ്ണവും അറ്റകുറ്റ പണി നടത്തിയ പോസ്റ്റുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ തുടർവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനോടൊപ്പം ഈ ഇനത്തിലെ പാഴ്ചെലവ് ഒഴിവാക്കേണ്ടത് പഞ്ചായത്തുകളിൽ അർപ്പിതമായ ഭരണഘടന ചുമതലകൾ നിർവ്വഹിക്കുന്നതിന് അനിവാര്യമാണ്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 7/15.07.2023

1-24 ഹരിതകർമസേന - പ്രവർത്തന അവലോകനം

നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 8238 കുടുംബങ്ങളും 961 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 27627 (2011 കാനേഷുമാരി വിവരങ്ങൾ). ഗ്രാമപഞ്ചായത്തിൽ നിലവിൽ 18 വാർഡുകളിലായി, ഓരോ വാർഡിലും 2 ഹരിതകർമ്മ സേനാംഗങ്ങൾ വീതം, 36 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ എല്ലാ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 15 മുതൽ 30 വരെയുള്ള തീയതികളിൽ നിശ്ചിത കലണ്ടർ പ്രകാരം, അജൈവ മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രീൻടെക് എക്കോ കൺസൾട്ടൻസി എന്ന സ്വകാര്യ ഏജൻസിക്കാണ് കൈമാറുന്നത്. തേവലപ്പുറം, കോട്ടാത്തല എന്നീ വാർഡുകളിലായി നിലവിൽ രണ്ട് എം സി എഫ്-കൾ മാത്രമാണുള്ളത്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. എന്നാൽ തേവലപ്പുറം എം സി എഫിന് അനുബന്ധമായി ഒരു ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഇത് പ്രവർത്തനക്ഷമമല്ല.
യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ കേരളാ ബാങ്ക് കൊട്ടാരക്കര ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം

നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 7800/- രൂപ ശരാശരി വേതനം ഇനത്തിൽ ലഭിക്കുന്നു. 13000/-രൂപ മുതൽ 14000/-രൂപ വരെ വേതനം കൈപ്പറ്റുന്നവരുമുണ്ട്. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാവർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. 2022-23 ൽ 11 പേർക്ക് ചട്ടലംഘനത്തിന് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും 15,000/-രൂപ ആകെ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും കൃ.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്, സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, ഗംബൂട്ട്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ഇനോക്കുലം വിതരണവും നടത്തുന്നു. ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിന് 2023-24 വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കി വരുന്നു. മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്കുള്ള സേവനം ഒരു ഹെൽപ്ഡെസ്ക് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23

മാസം	യൂസർ ഫീ	നൽകിയ വേതനം	ശേഖരിച്ച മാലിന്യത്തിന്റെ അളവ് (Kg)	കൈമാറിയ മാലിന്യത്തിന്റെ അളവ് (Kg)
ഏപ്രിൽ	138280/-	124452/-	2900	2700
മെയ്	202290/-	182061/-	3033	2246
ജൂൺ	200765/-	180688/-	3413	2148
ജൂലൈ	194410/-	174969/-	3800	2310
ആഗസ്റ്റ്	204150/-	183735/-	2600	2429
സെപ്റ്റംബർ	220380/-	198342/-	4350	2629
ഒക്ടോബർ	233430/-	210087/-	4128	5320
നവംബർ	232905/-	209615/-	2960	2980
ഡിസംബർ	265905/-	239314/-	4121	3240
ജനുവരി	285600/-	257040/-	3020	3800
ഫെബ്രുവരി	274205/-	246785/-	2600	2480
മാർച്ച്	425000/-	382500/-	2300	4200

ഓഡിറ്റ് മുന്നോട്ടു വെയ്ക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ

1. വ്യാപാരി വ്യവസായികളും മറ്റും ഉൽപാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി ഹരിതമിത്രം ആപ്പിൽ വ്യത്യസ്ത നിരക്കിൽ യൂസർഫീ ഈടാക്കുന്നതിന് സർക്കാർ തലത്തിൽ നിയമ നടപടികൾ

സ്വീകരിക്കുന്നത് ഉചിതമാകും.

2. പഞ്ചായത്തിൽ നിലവിൽ ഒരു ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത് പ്രവർത്തനസജ്ജമാക്കുന്നതിനൊപ്പം, ബെയ്ലിംഗ് യൂണിറ്റ്, മിനി പേപ്പർ ഷ്രഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാവുന്നതാണ്.

3. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

6. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

1-25 അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ രജിസ്റ്ററിൽ ഉൾപ്പെട്ട പല കെട്ടിടങ്ങളും സഞ്ചയയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ് നം.	രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ എണ്ണം	സഞ്ചയ പ്രകാരം കെട്ടിടങ്ങളുടെ എണ്ണം
1	2	0
2	3	0
3	1	0
4	1	0
5	1	1
6	2	1
7	3	0
8	8	0
9	0	0
10	3	0
11	1	0
12	2	2
13	0	0
14	0	0
15	0	0
16	0	0
17	1	0
18	1	0
ആകെ	29	4

29 അനധികൃത കെട്ടിടങ്ങൾ രജിസ്റ്റർ പ്രകാരം ഉണ്ടെങ്കിലും സഞ്ചയയിൽ 4 കെട്ടിടങ്ങൾ മാത്രമാണ് ഉള്ളത്. അനധികൃത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താത്തതിനാൽ കെട്ടിടങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ കഴിയുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട

കെട്ടിടങ്ങൾക്ക് 'Unauthorised' കെട്ടിട നമ്പർ അനുവദിച്ച് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എ.എ.(1) വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടതും, 235എ.എ.(2) (3) (4) (5) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനാൽ അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതു വരെ സഞ്ചയയിൽ ഉൾപ്പെടുത്തി യു.എ. നമ്പർ നൽകേണ്ടതും വസ്തു നികുതിയുടെ മൂന്നിരട്ടി തുക ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 17/20.07.23.

1-26 തനതു വിഭവ സമാഹരണം- അവലോകനം

1) വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. എന്നാൽ ഈ നടപടികളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 17.04.2023-ലെ 4(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ് (ഖണ്ഡിക 1-12ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

3) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (ഖണ്ഡിക 1-14ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

4) ലൈസൻസ്-ഫീസ്

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 1-13 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

5) വിനോദ നികുതി

ജി.എസ്.ടി. നിരക്ക് 28% ൽ നിന്നും 18% ആയി കുറച്ചതിന്റെ ഭാഗമായി സ.ഉ.(കൈ) നം.63/2019/ത.സ്വ.ഭ.വ., തീയതി 10.06.19 പ്രകാരം 10.06.19 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഈടാക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ഖണ്ഡിക 1-11 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മരാമത്ത് പ്രവൃത്തികൾ - ടെണ്ടർ നടപടികളിൽ അപാകത : 19,868/-രൂപയുടെ അധിക ചെലവ്.

പ്രോജക്ട് നമ്പർ : SO 58/21-22 തോണ്ടാലിൽ നെല്ലിക്കലഴികത്ത് റോഡ് കോൺക്രീറ്റ്.

അടങ്കൽ തുക : 1,73,970/- (Maintanance Fund-Road)
TS No.83207/21-22

കരാറുകാരൻ : സുധീഷ് ചന്ദ്രബോസ്, സുരഭി, നെടുവത്തൂർ.

കരാർ നമ്പർ : 56/AE/LSGD/NDVTR/21-22 Dtd 18.03.2022.
ചെലവ് തുക : 165775/-രൂപ (ബിൽ നം. 22040252017000094100/11.05.22)

മേൽ പ്രവൃത്തിക്കായി 3 ഇ-ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടു.

1. ചിറക്കടവ് ശ്രീമുരുകാ കൺസ്ട്രക്ഷൻസ് (ഹരികൃഷ്ണൻ) 10.03.22ൽ സമർപ്പിച്ച 155330.02/-രൂപ രേഖപ്പെടുത്തിയ ടെണ്ടർ (Tender ID : 2022-lsgd-478470.1).

2. ചിറക്കടവ് കൺസ്ട്രക്ഷൻസ് (സുധീഷ് ചന്ദ്ര ബോസ്) 08.03.22ൽ സമർപ്പിച്ച 150670.09/-രൂപ (2.96% കുറവ്) രേഖപ്പെടുത്തിയ ടെണ്ടർ (Tender ID:2022-lsgd-478470.1).

3. സ്റ്റെലാർക്ക് കൺസ്ട്രക്ഷൻസ് (ലാൽകുമാർ എസ്, ലാൽ ഭവൻ) 08.03.22ൽ സമർപ്പിച്ച 132600.60/-രൂപ (14.59% കുറവ്) രേഖപ്പെടുത്തിയ ടെണ്ടർ (Tender ID:2022-lsgd-478470.2).

മേൽ 3 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ലാൽ കുമാറിന്റെ ടെണ്ടർ പരിഗണിക്കാതെയാണ് ശ്രീ. സുധീഷ് ചന്ദ്രബോസിനെ കരാർ ഏൽപ്പിച്ചത്.

ഇത്തരത്തിൽ കരാർ ഏൽപ്പിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ഇ-ടെണ്ടർ വേളയിൽ ഒരു മാനുഷിക പിഴവുണ്ടായി എന്നും, ഇന്റർനെറ്റ് തകരാറുമൂലം ആദ്യം ചെയ്ത ടെണ്ടർ പബ്ലിഷ് ആകാതെ വരുകയും തുടർന്നും ടെണ്ടർ ചെയ്തപ്പോൾ രണ്ട് വ്യത്യസ്ത ടെണ്ടർ ഐ.ഡി കളിൽ രണ്ട് ടെണ്ടറുകളും പബ്ലിഷ് ആവുകയും ചെയ്തുവെന്നും, ആയതിനാൽ ഒരു ടെണ്ടർ ക്യാൻസൽ ചെയ്തുവെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു. പിഴവ് ഉണ്ടായ സാഹചര്യത്തിൽ രണ്ട് ടെണ്ടറുകളും ക്യാൻസൽ ചെയ്യുന്നതിനു പകരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യപ്പെട്ട ടെണ്ടർ ക്യാൻസൽ ചെയ്യുകയും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കപ്പെടുകയും ചെയ്തതിന്റെ കാരണം

വിശദീകരിച്ചിട്ടില്ല.

ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് കരാർ നൽകിയത് കാരണം ചുവടെ വിവരിക്കും വിധത്തിൽ അധിക ബാദ്ധ്യതയുണ്ടായതായി കണക്കാക്കുന്നു.

സ്കൈലാർക്ക് കൺസ്ട്രക്ഷൻസ് (ലാൽ കുമാർ എസ്, ലാൽ ഭവൻ) എന്ന വ്യക്തി 14.59% കുറവ്കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി സമർപ്പിച്ച ടെണ്ടർ പരിഗണിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് ചുവടെ കണക്കാക്കുന്നു.

ആകെ പ്രവൃത്തി മൂല്യം : 152528.00 രൂപ
കുറയ്ക്ക 14.59%... : 22254.00രൂപ

: 130274/-രൂപ

കൂട്ടുക 12% GST..... 15633/-രൂപ
ആകെ.....145907/-രൂപ
അധിക ചെലവ് : 19868/-രൂപ (165775-145907)
അധികം നൽകിയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.
നിരാകരിക്കുന്ന തുക – 19,868/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 9/15.07.2023.

3-2 മരാമത്ത് പ്രവൃത്തികൾ - ടെണ്ടർ നടപടികളിൽ അപാകത : 40,332/-രൂപയുടെ അധിക ചെലവ്.

പ്രോജക്ട് നമ്പർ : SO 79/22-23 തെക്കേവിള ജംഗ്ഷൻ – നേടിയാല കൈതക്കുഴി ജംഗ്ഷൻ റോഡ് കോൺക്രീറ്റ്.

നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.
TS No. 83222/21-22
അടങ്കൽ തുക : 2,57,853/-രൂപ (CFC Grant)
ചെലവ് തുക ചുവടെ ചേർക്കും പ്രകാരം കണക്കാക്കി നൽകി.
ആകെ പ്രവൃത്തി മൂല്യം : 2,25,353/-രൂപ Limited To : 2,18,519/-രൂപ.
കൂട്ടുക : 18% GST Componsation.....: 39333.42 രൂപ (ടെണ്ടർ കിഴിവ് 0.01% കണക്കിലെടുത്തിട്ടില്ല)
ആകെ.....: 257852/-രൂപ (ബിൽനം. 22040252017000746709/7.11.22)
കരാറുകാരൻ : ശ്രീ. ലാൽകുമാർ, ലാൽ ഭവനം,ആനക്കോട്ടൂർ.

കരാർ നമ്പർ : 76/AE/LSGD/NDVR/21-22 Dtd 30.03.22
എം ബുക്ക് നം. : 76/21-22

പദ്ധതി ഫയൽ പരിശോധിച്ചതിൽ, പദ്ധതിയുടെ ടെണ്ടറിൽ ഇ-ടെണ്ടർ ആയി ശ്രീ. ഹരികൃഷ്ണൻ യു, ചിറക്കടവ് ശ്രീമുരുകാ കൺസ്ട്രക്ഷൻസ്, കൃഷ്ണവിലാസം എന്ന വ്യക്തി 18.2% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി 08.03.2022 ൽ സമർപ്പിച്ചിട്ടുള്ള ടെണ്ടറും, മാനുവൽ ടെണ്ടർ ആയി ശ്രീ. ലാൽ കുമാർ, ലാൽ ഭവനം, ആനക്കോട്ടൂർ എന്ന വ്യക്തി 0.01% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി 23.03.2022 ൽ സമർപ്പിച്ച ടെണ്ടറും കാണാൻ കഴിഞ്ഞു. ടെണ്ടറുകൾ ഓപ്പൺ ചെയ്ത തീയതി ഫയലിലോ, ടെണ്ടർ രജിസ്റ്ററിലോ രേഖപ്പടുത്തിയിട്ടില്ല. ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ലാൽ കുമാറിനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്.

അപാകതയ്ക്കമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, പ്രവൃത്തിക്കായി 08.03.22ൽ നടത്തിയ ഇ-ടെണ്ടറിൽ ഒരു ടെണ്ടർ മാത്രം ലഭിച്ചതിനാൽ റീ-ടെണ്ടർ നടത്താൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചുവെന്നും, സമയ പരിമിതിമൂലം മാനുവൽ ടെണ്ടറിംഗ് ആണ് നടത്തിയതെന്നും ഇത്തരത്തിൽ 23.03.22 ൽ മാനുവൽ ടെണ്ടർ നടത്തിയതിൽ വീണ്ടും ഒരു ടെണ്ടർ മാത്രം ലഭിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു എന്നും (തീരുമാനം നം.3(1)/30.03.22), ടെണ്ടർ നടപടികൾ നടക്കുന്ന വേളയിൽ ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ ഓപ്പൺ ചെയ്തിരുന്നില്ലാ എന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു. എന്നാൽ അസി.എഞ്ചിനീയർ വിശദീകരിച്ച രീതിയിൽ സമയ പരിമിതി ഉണ്ടായ സാഹചര്യം വ്യക്തമല്ല. കൂടാതെ, ഇത്തരത്തിൽ റീടെണ്ടർ നടത്താൻ പഞ്ചായത്ത് ഭരണസമിതി അസിസ്റ്റന്റ് എഞ്ചിനീയറെ

ചുമതലപ്പെടുത്തിയതായോ പ്രവൃത്തിക്ക് റീടെണ്ടർ നടത്തിയതായോ വ്യക്തമാക്കുന്ന രേഖകളും ഇല്ല. ആദ്യത്തെ ഇ-ടെണ്ടർ നടപടി ക്യാൻസൽ ചെയ്യാതെ കൂടിയ നിരക്കിലുള്ള മാന്വവൽ ടെണ്ടർ, നെഗോഷ്യേഷൻ പോലും നടത്താതെ പരിഗണിക്കുകയാണ് ചെയ്തിട്ടുള്ളത്.

സിംഗിൾ ടെണ്ടർ ലഭ്യമാകുന്ന സന്ദർഭങ്ങളിൽ ടെണ്ടർ നടത്തുന്ന അധികാരികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ GO(P)No324/2015/Fin/dtd 30.07.2015ൽ വ്യക്തമാക്കുന്നു. ആയതു പ്രകാരം ഇത്തരം സന്ദർഭങ്ങളിൽ അധികാരികൾക്ക് ടെണ്ടർ ഉറക്കാനുള്ള തീയതി 15 ദിവസം വരെ ദീർഘിപ്പിച്ചുകൊണ്ട് കൂടുതൽ പ്രചരണങ്ങളിലൂടെ മറ്റ് ടെണ്ടറുകൾ കൂടി ലഭ്യമാക്കാൻ ശ്രമം നടത്തി, അത്തരത്തിൽ ടെണ്ടറുകൾ ലഭ്യമാകുകയാണെങ്കിൽ മുൻപ് ലഭ്യമായ സിംഗിൾ ടെണ്ടറിനൊപ്പം ഓപ്പൺ ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ പരിഗണിക്കുകയോ, റീടെണ്ടർ നടത്തുകയോ ചെയ്യാവുന്നതാണ്.

പദ്ധതി നിർവ്വഹണാധികാരിയായ അസി.എഞ്ചിനീയറുടെ വിശദീകരണത്തിൽനിന്നും, നടപടിക്രമങ്ങളിലെ സമയക്രമത്തിൽനിന്നും സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടില്ല എന്നും, ഇതുമൂലം പദ്ധതിനിർവ്വഹണത്തിന് അധിക ചെലവുണ്ടായി എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

ശ്രീ. ഹരികൃഷ്ണൻ യു, ചിറക്കടവ് ശ്രീമുരുകാ കൺസ്ട്രക്ഷൻസ്, കൃഷ്ണവിലാസം എന്ന വ്യക്തി 18.2% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി സമർപ്പിച്ച ടെണ്ടർ പരിഗണിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന ചെലവ് ചുവടെ കണക്കാക്കുന്നു.

ആകെ പ്രവൃത്തി മൂല്യം : 225353.00രൂപ
കുറയ്ക്ക 18.2%..... : 41014.246 രൂപ

184338.754 രൂപ

കൂട്ടുക 18% GST.... ..... : 33180.975 രൂപ
ആകെ..... : 217520/-രൂപ
അധിക ചെലവ് : 40332/-രൂപ (257852-217520).
തുക ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
നിരാകരിക്കുന്ന തുക – 40,332/-രൂപ.
ഓഡിറ്റ് എൻക്വയറി നം. 9/15.07.2023.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2022-23	14-07-2023, 15-07-2023	കെ.എസ്.എ.കെ.എൽ.എം.പി.6/1425/23 തീയതി 22.08.2023

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക(₹)	പ്രോജക്ടിന്റെ പേര്	ചെലവ്(₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2022-23	14,00,000/-	ലൈഫ് മിഷൻ മൂന്നാം ഘട്ടം (ജനറൽ)	14,00,000/-	-
"	"	3,00,000/-	ലൈഫ് മിഷൻ മൂന്നാം ഘട്ടം (എസ്.സി.)	3,00,000/-	-
"	"	2,10,000/-	ലൈഫ് ഭവന നിർമാണം	2,10,000/-	-

			(എസ്.സി, ഡിപ്പാർട്ട്മെന്റ് ലിസ്റ്റ്)		
”	”	2,55,400/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	2,55,400/-	-
”	”	2,40,000/-	അംഗൻവാടി പോഷകാഹാര പദ്ധതി	2,40,000/-	-
”	”	3,94,041/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	3,94,041/-	-
ജില്ലാ പഞ്ചായത്ത്	”	10,00,000/-	ലൈഫ് മിഷൻ മൂന്നാം ഘട്ടം (ജനറൽ)	10,00,000/-	-
”	”	37,038/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	37,038/-	-
”	”	1,08,800/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	1,08,800/-	-
”	”	86,814/-	അംഗൻവാടി പോഷകാഹാര പദ്ധതി	86,814/-	-

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
ഭൂജല വകുപ്പ്	32/23 പൊങ്ങൻപാറ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം	XVFC/2022-23/P/7 27.12.2022	2,00,000/-	0	2,00,000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 77,98,382/- രൂപ വരവുണ്ട്. മുൻബാക്കി 0 രൂപയടക്കം 77,98,382/-രൂപയിൽ 67,18,382/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
		77,98,382/-	3,41,06,000/-	42,39,978/-	-	3,76,64,404/-

.

4-6 സ്ഥിര നിക്ഷേപം

വാർഷികകണക്കുകൾ പ്രകാരം സ്ഥിരനിക്ഷേപമായി 1000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക(രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം/തീയതി
2018-19	3-3	11,185/-	ശ്രീമതി. സൗമ്യ, അസിസ്റ്റന്റ് എഞ്ചിനീയർ	1220103800/12-01-22
2020-21	1/21	22,328/-	അസിസ്റ്റന്റ് എഞ്ചിനീയർ	1220101046/27-06-22
2021-22	6/22	50/-	രഞ്ജിനി	1220103631/30-12-22
2021-22	13/22	1,550/-	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	1220103634/30-12-22
2021-22	11/22	4,187/-	അസിസ്റ്റന്റ് എഞ്ചിനീയർ	1220101046/27-06-22

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	വിഷയം
2008-09	3-2	2011-12, ഖ-2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.
2008-09	3-14	2011-12, ഖ-4-7	ഇല്ലാത്ത പാർക്കിന് ചുറ്റുമതിൽ നിർമ്മാണം. 31048/- രൂപ പാഴ്ചെലവ്.

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	19,868/-	ശ്രീ. അനീഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ
3-2	-	40,332/-	ശ്രീ. അനീഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	2,05,000/-	ശ്രീമതി. ശ്രീലത ആർ. എസ്, അസിസ്റ്റന്റ് സെക്രട്ടറി
1-18	2,75,001/-	ശ്രീ. സുധാകരൻ നായർ ആർ, അസിസ്റ്റന്റ് സെക്രട്ടറി
1-19	7,88,684/-	ഡോ. ലക്ഷ്മി കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
1-20	2,00,000/-	ശ്രീ. ബിനോയ് എം. ജി, സെക്രട്ടറി
1-22	7,24,856/-	ശ്രീ. അനീഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ബിനോയ്. എം. ജി, സെക്രട്ടറി	സെക്രട്ടറി, പെരിനാട് ഗ്രാമപഞ്ചായത്ത്	ബിന്ദു ഭവൻ, ചെമ്മക്കാട് പി.ഒ., കൊല്ലം
ഡോ. ലക്ഷ്മി കൃഷ്ണൻ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, എഴുകോൺ – പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്	വാഴവേലിൽ ചൈത്രം, SE തഴവ – 690539, കരുനാഗപ്പള്ളി, കൊല്ലം
ശ്രീ. സുധാകരൻ നായർ ആർ, അസിസ്റ്റന്റ് സെക്രട്ടറി	വിരമിച്ചു	ഇന്ദീവരം, ആനക്കോട്ടൂർ പി.ഒ, നെടുവത്തൂർ
ശ്രീമതി ശ്രീലത ആർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി നെടുവത്തൂർ ഗ്രാമപഞ്ചായത്ത്	കണ്ണങ്കര വീട്, കുട്ടിക്കട, കൊല്ലം
ശ്രീ. അനീഷ് കുമാർ ജെ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ നെടുവത്തൂർ ഗ്രാമപഞ്ചായത്ത്	ഇന്ദീവരം, ഇളമാട് പി ഒ, ഗവ ITI യ്ക്ക് സമീപം, ആയൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99	കെ.എസ്.എ/കെ.എൽ.എം-പി-6/404(3)/18/ 23.02.18	7
2001-02	കെ.എസ്.എ/കെ.എൽ.എം-പി-6/404(5)/18/ 23.02.18	5
2002-03	കെ.എസ്.എ/കെ.എൽ.എം-പി-6/404(6)/18/ 23.02.18	11
2003-04	കെ.എസ്.എ/കെ.എൽ.എം-പി-6/404(7)/18/23.02.18	5
2004-05	കെ.എസ്.എ/കെ.എൽ.എം-പി-6/404(8)/18/ 23.02.18	5
2005-06	കെ.എസ്.എ/കെ.എൽ.എം-പി-6/404(9)/18/ 23.02.18	10
2006-07	കെ.എസ്.എ/കെ.എൽ.എം-പി-6/749(1)/19/ 31.5.19	10
2007-08	കെ.എസ്.എ/കെ.എൽ.എം-പി-6/749(2)/19/ 31.5.19	11
2008-09	കെ.എസ്.എ/കെ.എൽ.എം-പി-6/749(3)/19/ 31.5.19	11
2009-10	കെ.എസ്.എ/കെ.എൽ.എം-പി-6/749(4)/19/ 31.5.19	5
2010-11 & 2011-12	കെ.എസ്.എ/കെ.എൽ.എം-പി-6/അദാലത്ത്/10-11&11-12 /225/22(1)/19.08.22	6
2012-13 & 2013-14	കെ.എസ്.എ.കെ.എൽ.എം.പി.6/അദാലത്ത്/2012-13&2013-14 /225(2)/22/19.08.22	27
2014-15	കെ.എസ്.എ-കെ.എൽ.എം.പി6/അദാലത്ത്/2014-15/225(3)/ 19.08.22	5
2015-16	കെ.എസ്.എ-കെ.എൽ.എം.പി.6/അദാലത്ത്/2015-16/225(4)/	14

	19.08.22	
2016-17	കെ.എസ്.എ.കെ.എൽ.എം.പി-6/741/20/ 16.01.21	16
2017-18	കെ.എസ്.എ.കെ.എൽ.എം.പി-6/1226/21/ 05.11.21	12
2018-19	കെ.എസ്.എ.കെ.എൽ.എം.പി-6/57/2020 /03-8-2022	21
2019-20	കെ.എസ്.എ.കെ.എൽ.എം.പി-6/567/2021 /27.10.2021	28
2020-21	കെ.എസ്.എ.കെ.എൽ.എം.പി-6/1231(A)/2022 /29.07.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ.കെ.എൽ.എം.പി-6/35/2023 /05.04.2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-06-2023 and submitted on 26-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Neduvathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Neduvathur Grama Panchayat for the year 2022-2023

Date: 07/09/2023

Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Neduvathur Grama Panchayat for the Year 2022-2023.

1.Major Observations

1. Discrepancies/omissions in carrying forward of the closing balance in the year in respect of assets.
2. Discrepancies/omissions in carrying forward of the closing balance in the year in respect of liabilities.
3. Non production of investment and other share certificate for physical verification.

2.Other Observations

1. Cashflow statement - Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2. The mandatory financial statements prescribed in accounting rules (Ratios & Secretary`s notes) are not submitted for audit.

3. No entry for online receipt.

4. The asset registers not reliable for audit.

5. The Advance/loan register (Asset), Investment register are not maintained/match with accounts.

6. Payment Voucher- Misclassification.

7. Documents for journal voucher not produced.

8. The mandatory schedules (B1) is not submitted for audit.

9. Cheque issued without entry in bank book.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്